



। എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

وَإِذْ قَالَ مُوسَىٰ لِفَتَىٰهُ لَآ أَبْرَحُ حَتَّىٰٓ أَبْلُغَ مَجْمَعَ ٱلْبَحْرَيْنِ أَوْ أَمْضِىَ حُقُبًا ٦٠

**60.** മൂസാ തന്റെ സേവകനോടോതിയതോർക്കുക. സമുദ്രസംഗമത്തിലെത്തുവോളം ഞാനീ യാത്ര നിർത്തുകയില്ല. അല്ലെങ്കിൽ അതിദീർഘമായ കാലം സഞ്ചരിച്ചുകൊണ്ടേയിരിക്കും.

وَإِذْ قَالَ مُوسَىٰ= മൂസാ ഓതിയത് (ഓർക്കുക) لِفَتَىٰهُ= അദ്ദേഹത്തിന്റെ സേവകനോട്, യുവാവിനോട്

لَآ أَبْرَحُ= ഞാൻ സഞ്ചരിച്ചുകൊണ്ടേയിരിക്കും (ഈ യാത്ര നിർത്തുകയില്ല) حَتَّىٰٓ أَبْلُغَ = ഞാൻ എത്തുവോളം

مَجْمَعَ= സംഗമസ്ഥാനം ٱلْبَحْرَيْنِ = രണ്ടു സമുദ്രത്തിന്റെ

أَوْ أَمْضِىَ= അല്ലെങ്കിൽ ഞാൻ കഴിച്ചുകൂട്ടും(സഞ്ചരിച്ചുകൊണ്ടേയിരിക്കും) حُقُبًا= അതിദീർഘമായ കാലം, യുഗങ്ങൾ

**60.** ഇവിടം മുതൽ ഈ സൂറഃയിലെ മൂന്നാമത്തെ കഥ തുടങ്ങുകയാണ്. മൂസാ(അ) നടത്തിയ സുദീർഘമായ ഒരു യാത്രയുടെ കഥ. അതൊരു ശിക്ഷണ (തർബിയത്തീ) യാത്രയായിരുന്നു. അല്ലാഹുവിന്റെ നിർദേശപ്രകാരമാണ് അദ്ദേഹം അതു നടത്തിയതെന്ന് സംഭവവിവരണങ്ങളിൽനിന്നു വ്യക്തമാകുന്നു. അഹങ്കാരികളായ സത്യവിരോധികളുടെ ദ്രോഹങ്ങൾക്കും അവരുടെ നീതിവിരുദ്ധമായ ആവശ്യങ്ങൾക്കുമെതിരെ ക്ഷമയോടെ ഉറച്ചു നിന്ന് സത്യപ്രബോധനം തുടരാൻ പ്രവാചകനെയും വിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്ന മുൻ സൂക്തങ്ങളുടെ അനുബന്ധമായിട്ടാണ് ഈ കഥ ഇവിടെ അവതരിപ്പിക്കുന്നത്. ക്ഷമ ഒരു ദൗർബല്യമല്ല. നിഷേധാത്മക നിലപാടുമല്ല. നിർമാണാത്മകമായ യാഥാർഥ്യമാണ്. അതിനെ ആശ്രയിച്ചിരിക്കുന്നു സത്യത്തിന്റെ സംസ്ഥാപനം. രൂഢമായ ക്ഷമാശീലവും സഹനശക്തിയുമില്ലാതെ അടിമകൾക്ക് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കാനാവില്ല. ഈ ഗുണം രൂഢമാകാൻ അതിന്റെ വിശ്വാസപരമായ തത്ത്വങ്ങളിൽ മനുഷ്യമനസ്സ് ഊട്ടപ്പെടേണ്ടതുണ്ട്. വിശ്വാസ തത്ത്വങ്ങളിലുറക്കാത്ത മനസ്സുകളിൽ ക്ഷമാശീലവും സഹനശക്തിയും വിളയുകയില്ല. ഈ തത്ത്വങ്ങളെ മൂന്നായി സംഗ്രഹിക്കാം:

ഒന്ന്, ഈ ലോകത്തു സംഭവിക്കുന്നതെന്തും അല്ലാഹുവിന്റെ ഇഛക്കും (مشيئة) അറിവിനും വിധേയമായി സംഭവിക്കുന്നതാണ്. അവനറിയാതെയോ ഇഛിക്കാതെയോ ഒരണുപോലും അനങ്ങുന്നില്ല.

രണ്ട്, സർവജ്ഞനും സർവസൽഗുണ സമ്പൂർണനുമാണ് അല്ലാഹു. അവന്റെ ഇഛകളൊന്നും ജ്ഞാനത്തിൽനിന്നും നന്മയിൽനിന്നും മുക്തമായിരിക്കുകയില്ല. ഈ ലോകത്ത് ധാരാളം അക്രമങ്ങളും അനീതികളും നാശനഷ്ടങ്ങളുമുണ്ടാകുന്നുണ്ട്. അക്രമികളിൽ പലരും യാതൊരു ശിക്ഷയുമനുഭവിക്കാതെ സുഖസൗഭാഗ്യങ്ങളിലാറാടി വാഴുന്നു. ചിലപ്പോൾ ധർമവും നീതിയും പുലരുന്നുമുണ്ട്. ധർമനിഷ്ഠരായ പല സജ്ജനങ്ങളും കൊടിയ പീഡനങ്ങളനുഭവിക്കേണ്ടിവരുന്നു. സ്വന്തം ധർമകർമങ്ങളുടെ സൽഫലങ്ങളൊന്നും അനുഭവിക്കാതെ മരിച്ചുപോകുന്നു. അല്ലാഹു നാശത്തെയും നാശകാരികളെയും ഇഷ്ടപ്പെടുന്നതുകൊണ്ടോ നീതിക്കും ധർമത്തിനും വില കൽപ്പിക്കാത്തതുകൊണ്ടോ ദുഷ്ടരെ ശിക്ഷിക്കാനും ശിഷ്ടരെ രക്ഷിക്കാനും അവനു കഴിവില്ലാത്തതുകൊണ്ടോ അല്ല ഇങ്ങനെയൊക്കെ സംഭവി

ക്കുന്നത്. ഈ ലോകത്തിന് അവൻ നിശ്ചയിച്ച പ്രകൃതിയാണത്. ഭാഗ്യനിർഭാഗ്യങ്ങളും നന്മതിന്മകളും പരസ്പരബന്ധിതമാണ്. രാവിലൂടെ പകലിലേക്കും പകലിലൂടെ രാവിലേക്കുമെന്നപോലെ മനുഷ്യൻ സുഖത്തിലൂടെ ദുഃഖത്തിലേക്കും ദുഃഖത്തിലൂടെ സുഖത്തിലേക്കും സഞ്ചരിച്ചുകൊണ്ടേയിരിക്കും. ഈ ഭൂമിയുടെ കറക്കം അവസാനിക്കുന്നതു വരെ അവന്റെ ഈ കറക്കവും തുടരും. ഭൂമിയുടെ കറക്കം അവസാനിക്കുമ്പോൾ അവൻ ശാശ്വതമായ പകലിലോ ശാശ്വതമായ ഇരുട്ടിലോ എത്തിച്ചേരുന്നു. ഏതിലാണെത്തേണ്ടതെന്ന് മനുഷ്യന് സ്വയം തീരുമാനിക്കാം. അവൻ നേരിടുന്ന താൽക്കാലിക സുഖദുഃഖങ്ങളെല്ലാം അതിനുള്ള ഉപാധികളാക്കുകയും ചെയ്യാം.

ഏതു തിന്മക്കുപിന്നിലും അല്ലാഹു നന്മ ഒളിച്ചുവെച്ചിരിക്കും. ഹ്രസ്വമായ മാനുഷിക ദൃഷ്ടിക്ക് അതു കണ്ടെത്താനാകുന്നില്ല. മഹാവിപത്തായി കരുതിയ പലതും പിന്നീടുണ്ടാകുന്ന വലിയ അനുഗ്രഹങ്ങളുടെ വഴിയൊരുക്കമായിരിക്കും. അതറിയാതെ നാം അഹിതങ്ങളെ ശപിക്കുകയും അതുവഴിയുണ്ടായ അനുഗ്രഹങ്ങളാസ്വദിക്കുകയും ചെയ്യുന്നു. ഉഷ്ണം ഒരു ദോഷമാണ് അതേ ഉഷ്ണമാണ് സമുദ്രജലത്തെ നീരാവിയാക്കി മോലോട്ടുയർത്തുന്നത്. തണുപ്പും ദോഷമാണ്. ആ ദോഷമാണ് ഉഷ്ണം ഉയർത്തിയ നീരാവിയെ മഴയാകുന്ന അനുഗ്രഹമായി ഭൂമിയിൽ വർഷിക്കുന്നത്.

മൂന്ന്, മനുഷ്യന്റെ ജ്ഞാനോപാധികൾ പരിമിതമാകുന്നു. ദൈവിക നിയമങ്ങളുടെയും നടപടികളുടെയും യുക്തിയും ന്യായവും പൂർണമായി ഗ്രഹിക്കാൻ അവന്നാവില്ല. വിധിയുടെ സഞ്ചാരപഥങ്ങൾ അജ്ഞേയവും നിഗൂഢവുമാകുന്നു. പരലോകത്തു വെച്ചു മാത്രമായിരിക്കും ദൈവേച്ഛയുടെ രഹസ്യങ്ങൾ മനുഷ്യന്റെ മുമ്പിൽ വെളിപ്പെടുന്നത്. അല്ലാഹുവിന്റെ തീരുമാനങ്ങളിൽ ക്ഷമാലുവും കൃതജ്ഞനുമായി നിലകൊണ്ട് സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കുകയും ഇന്നത്തെ കയ്പ്പുകൾക്കുള്ളിലൊളിഞ്ഞിരിക്കുന്ന, നിത്യജീവന്റെ മധുരിതമായ ഉൾക്കാമ്പ് നാളെ സമാഗതമാകുമെന്നു സമാധാനിക്കുകയുമാണ് ഈ ലോകത്ത് മനുഷ്യന് കൈക്കൊള്ളാവുന്ന ഏറ്റവും ശരിയായ നിലപാട്.

മൂസാ നബിയുടെ തർബിയത്തീ യാത്രയുടെ വിവരണത്തിലൂടെ ഇപ്പറഞ്ഞ തത്ത്വങ്ങൾ പഠിപ്പിക്കുകയാണല്ലാഹു. പ്രത്യക്ഷത്തിൽ അഹിതങ്ങളെന്ന് തോന്നുന്ന ചില സംഭവങ്ങളിലൊളിഞ്ഞിരിക്കുന്ന അനുഗ്രഹ രഹസ്യങ്ങൾ അവൻ തുറന്നു കാണിക്കുന്നു. ദുർബലരും അധഃസ്ഥിതരുമായ ഒരു ജനതയെയാണ് മൂസാ നബി പ്രബോധനം ചെയ്യേണ്ടിയിരുന്നത്. അവരെ അധഃസ്ഥിതിയിൽ നിന്നും അടിമത്തത്തിൽനിന്നും മോചിപ്പിക്കാൻ അദ്ദേഹം പൊരുതേണ്ടിയിരുന്നത് അതിശക്തനായ സ്വേഛാധിപതിയോടായിരുന്നു. ഈ സാഹചര്യത്തിൽ പ്രതിയോഗിയെ നേരിടാൻ അദ്ദേഹം അസാമാന്യമായ സഹനശേഷിയും നിശ്ചയദാർഢ്യവും ആർജിക്കേണ്ടതുണ്ടായിരുന്നു. അതിനാൽ അല്ലാഹു അദ്ദേഹത്തിനു, സവിശേഷമായ ജ്ഞാനവും അനുഗ്രഹങ്ങളും നൽകപ്പെട്ട മറ്റൊരു ഇഷ്ടദാസന്റെ ശിഷ്യത്വം പ്രദാനം ചെയ്തു. ആ ഗുരുവര്യൻ ദൈവാജ്ഞ പ്രകാരം അവന്റെ ചില നടപടികളുടെ രഹസ്യം അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്തു. ക്ഷമയുടെയും സംതൃപ്തിയുടെയും പാഠങ്ങൾ അതിൽ മുഴച്ചുനിൽക്കുന്നുണ്ട്. ഇതായിരുന്നു മൂസാനബിയുടെ യാത്രയുടെ ലക്ഷ്യം. ഇതേ പാഠങ്ങൾ അന്ത്യപ്രവാചകനെയും ശിഷ്യന്മാരെയും പഠിപ്പിക്കുകതന്നെയാണ് ഈ കഥ ഇവിടെ ഉദ്ധരിക്കുന്നതിന്റെ ലക്ഷ്യം.

ഈ സംഭവം അല്ലാഹു മൂസാനബിക്കെതിരെ കൈക്കൊണ്ട ഒരു ശിക്ഷാനടപടിയായിരുന്നു എന്ന മട്ടിലാണ് ചിലർ അവതരിപ്പിച്ചിട്ടുള്ളത്. അവർ പറയുന്നു: ഒരിക്കൽ മൂസാ(അ) സ്വസമുദായത്തിന്റെ ഒരു സഭയെ അഭിസംബോധന ചെയ്യവെ ഒരാൾ എഴുന്നേറ്റു ചോദിച്ചു: "ജനങ്ങളിൽ ഏറ്റം അറിവുള്ളവൻ ആരാണ്?." "ഞാൻ തന്നെ" എന്നായിരുന്നു മൂസാനബിയുടെ മറുപടി. ഇത് മര്യാദയില്ലാത്ത ആത്മപ്രശംസയായി കണ്ട് അല്ലാഹു അദ്ദേഹത്തിൽ അപ്രീതനായി. തുടർന്ന് അദ്ദേഹത്തെ മര്യാദ പഠിപ്പിക്കാൻ അവൻ ആസൂത്രണം ചെയ്തതാണീ യാത്ര. സമുദ്രസംഗമ സ്ഥാനത്ത് നിന്നെക്കാൾ വിജ്ഞനായ ഒരാളുണ്ടെന്നും നീ അദ്ദേഹത്തിന്റെ അടുത്തുചെന്ന് പഠിക്കണമെന്നും അവൻ അദ്ദേഹത്തോടു കൽപ്പിച്ചു. ഈ വിശദീകരണം പ്രാമാണികമോ യുക്തിസഹമോ അല്ല. മൂസാനബിയെപ്പോലൊരു മഹാൻ അഹങ്കരിച്ച് അസ്ഥാനത്ത് ആത്മപ്രശംസ നടത്തുമെന്ന് കരുതാൻ ന്യായമില്ല. അദ്ദേഹം സ്വജനത്തോട് 'ഞാനാണ് ജനങ്ങളിൽ ഏറ്റം വിജ്ഞൻ' എന്നുപറഞ്ഞിട്ടുണ്ടെങ്കിൽ അത് മര്യാദകെട്ട ആത്മപ്രശംസയല്ലതാനും. ഒരു പ്രവാചകനെ സംബന്ധിച്ചേടത്തോളം അപ്പറഞ്ഞതു തികഞ്ഞ സത്യമാണ്. ആ സത്യം ജനങ്ങളെ അറിയിക്കേണ്ടത് അദ്ദേഹത്തിന്റെ കടമയുമാകുന്നു. അദ്ദേഹം പ്രവാചകനും പ്രബോധകനുമാകുന്നതിന്റെ ന്യായമാണത്. തന്നെക്കാൾ വലിയ ജ്ഞാനികളുടെ സാന്നിധ്യത്തിൽ ജ്ഞാനം കുറഞ്ഞ ഒരാൾ പ്രവാചകനായി വരേണ്ട കാര്യമില്ലല്ലോ. മറ്റുള്ളവർക്കില്ലാത്ത ജ്ഞാനം തനിക്കുണ്ട് എന്ന സത്യത്തെ ആധാരമാക്കിയാണ് ഓരോ പ്രവാചകനും ജനങ്ങളെ പ്രബോധനം ചെയ്യാറുള്ളത്. നൂഹ് നബിയെ ഖുർആൻ ഉദ്ധരിക്കുന്നു:

أُبَلِّغُكُمْ رِسَٰلَٰتِ رَبِّى وَأَنصَحُ لَكُمْ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ

(ഞാൻ വിധാതാവിന്റെ സന്ദേശം നിങ്ങൾക്ക് എത്തിച്ചുതരികയാകുന്നു. നിങ്ങളുടെ ഗുണകാംക്ഷിയാണ് ഞാൻ. നിങ്ങൾക്കറിഞ്ഞുകൂടാത്ത ജ്ഞാനങ്ങൾ അല്ലാഹുവിങ്കൽനിന്ന് എനിക്ക് ലഭിക്കുന്നുണ്ട്-7:62). യഅ്ഖൂബ് നബിയും ഇതേപോലെ ജ്ഞാനം അവകാശപ്പെട്ടതായി ഖുർആൻ പറയുന്നുണ്ട്. മറ്റുള്ളവരെക്കാളേറെ ജ്ഞാനം അവകാശപ്പെടുന്ന പ്രവാചകൻ അച്ചടക്കനടപടിക്ക് അർഹനാണെങ്കിൽ, നൂഹ് നബി ഉൾപ്പെടെയുള്ള എത്രയോ പ്രവാ

ചകന്മാർ ആ നടപടിക്ക് വിധേയരാകുമായിരുന്നു.

മൂസാ നബിയുടെ ഈ യാത്രയെക്കുറിച്ച് ബൈബിൾ ഒന്നുംപറയുന്നില്ല. തൽമൂദിൽ ഏതാണ്ടിതുപോലൊരു പ്രയാണം പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും അതിലെ കഥാനായകൻ യോഹന്നാൻബിൻലാവി എന്ന പുണ്യാളനാണ്. ഏലിയാസ് പ്രവാചകനിലൂടെയാണ് സംഭവങ്ങൾ വികസിക്കുന്നത്. ഇസ്രാഈല്യരിൽ ഈദൃശ കഥകൾ പ്രചാരത്തിലുണ്ടായിരുന്നു. മൂസാ-ഖിളിർ കഥ പ്രമാണ ഗ്രന്ഥങ്ങളിൽ രേഖപ്പെടാതെ പോയതിനാൽ, പരമ്പരാഗത നിവേദനങ്ങളിലൂടെ കഥാപാത്രങ്ങളും സംഭവങ്ങളുമൊക്കെ മാറിമറിഞ്ഞതാവാം അവ. ഈ കഥയുമായി ബന്ധപ്പെട്ട് ഹദീസുകൾ എന്നപേരിൽ നിരവധി നിവേദനങ്ങൾ ഉദ്ധരിക്കപ്പെടുന്നുണ്ടെങ്കിലും അവയിലധികവും ദുർബലവും പരസ്പരവിരുദ്ധവുമാണ്. പല നിവേദനങ്ങളും റോമാ-പേർഷ്യൻ -ഇസ്രാഈലീ കഥകളാൽ സ്വാധീനിക്കപ്പെട്ടതാണെന്ന് ഇബ്നുആശൂറാഉത്തുനീസി തന്റെ *അത്തഹ്‌രീറു വത്തൻവീർ* എന്ന തഫ്സീറിൽ പറയുന്നുണ്ട്.

മുഹമ്മദീയ പ്രവാചകത്വവും ഖുർആന്റെ ദൈവികതയും നിഷേധിക്കാൻ ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ ഉന്നയിക്കാറുള്ള പ്രധാന വാദം, ഖുർആനിലെ കഥകളെല്ലാം മുഹമ്മദ് നബി ബൈബിൾ പഠിച്ചു പകർത്തിയതാണ് എന്നാണല്ലോ. ബൈബിളിലും തൽമൂദിലും ഇല്ലാത്ത ഈ കഥ അവർക്കൊരു പ്രശ്നമായി. ഇതിന് ഒരു ഉറവിടം ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ, ഖുർആൻ ദൈവത്തിങ്കൽ നിന്നുള്ള വഹ്‌യ്-ദിവ്യബോധനം-ആണെന്ന വാദത്തിന് അതൊരു സാക്ഷ്യമാകും. അതിനാൽ അവർ പല ഉറവിടങ്ങളും പരതിപ്പിടിച്ചവതരിപ്പിച്ചു. ചിലർ ഗിൽഗമേഷ് കഥകളെന്ന്. സുരിയാനി - സിക്കന്തർനാമയാണ് വേറൊന്ന്. ബൈബിളിലില്ലാത്ത ഇസ്രാഈലീ കഥകളാണ് മറ്റൊന്ന്. ഇപ്പറഞ്ഞ കഥകളിലൊക്കെ മൂസാ-ഖിളിർ കഥയുമായി വിദൂരസാദൃശ്യം പുലർത്തുന്ന ചില സംഭവങ്ങളുണ്ടെങ്കിലും അവയും ഇതും ഒന്നാണെന്നു പറയുന്നത് മണ്ണിൽ ചിതറിയ വളപ്പൊട്ടുകൾ പെറുക്കിയെടുത്ത് സ്ഥാപിച്ചതാണ് വിണ്ണിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രം എന്നുപറയുന്നതുപോലെ ബാലിശമാണ്.

ഈ കഥയുടെ വിശദാംശങ്ങളിൽ മുസ്‌ലിംകൾക്കിടയിലും ഭിന്നതകളുണ്ട്. കഥാപാത്രമായ മൂസാ, ഇസ്രാഈൽ പ്രവാചകനായ മൂസാ ബിൻ ഇംറാൻ തന്നെയോ അല്ലേ എന്നതാണൊരു ഭിന്നിപ്പ്. ഇദ്ദേഹം മൂസാ നബി അല്ലെന്നും മൂസാ ബിൻ മീശാ അഥവാ മൂസാ ബിൻ മിൻസഹ് ആണെന്നും ചിലർ പറയുന്നു. ഇത് മൂസാ(അ) തന്നെയാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. ഖുർആൻ മൂസാ എന്ന് നിരുപാധികം വിളിച്ചിട്ടുള്ളതെല്ലാം പ്രവാചകൻ മൂസായെയാണ്. ഒരിടത്ത് മറ്റൊരു മൂസായെ പരാമർശിക്കുന്നുവെങ്കിൽ അത് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ ഖുർആന്റെ ആധികാരിക വ്യാഖ്യാതാവായ മുഹമ്മദ് നബി അത് വ്യക്തമാക്കിത്തരേണ്ടതായിരുന്നു. അതൊന്നുമില്ലാത്തതിനാൽ ഇവിടെപ്പറഞ്ഞ മൂസാ, പ്രവാചകനായ മൂസാ ബിൻ ഇംറാൻ തന്നെയാണെന്നതിൽ സംശയത്തിനവകാശമില്ല.

فتى ക്ക് യുവാവ് എന്നും വാല്യക്കാരൻ എന്നും അർഥമുണ്ട്. രണ്ടാമത്തെ അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. മൂസാനബിയുടെ ശിഷ്യപ്രമുഖനും പിൻഗാമിയുമായിരുന്ന യൂശഅ് ബിൻനൂൻ ആണിദ്ദേഹമെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. بَرِحَ യുടെ അർഥം പുറപ്പെട്ടു, സഞ്ചരിച്ചു എന്നെല്ലാമാണെങ്കിലും ഒരു സംഗതി നിരന്തരം തുടർന്നുകൊണ്ടിരിക്കുന്നതിനെക്കുറിക്കാനാണ് مَابَرِحَ യും لَايَبْرَحُ വും ഉപയോഗിക്കുക. പ്രകൃത സന്ദർഭത്തിൽ അത് സഞ്ചാരത്തെയും സഞ്ചാരത്തിന്റെ നൈരന്തര്യത്തെയും കുറിക്കുന്നു. സമുദ്രസംഗമത്തിലെത്തുന്നതുവരെ, അല്ലെങ്കിൽ ഒരുപക്ഷേ അളവറ്റകാലം സഞ്ചരിച്ചുകൊണ്ടിരിക്കും എന്ന് സേവകനോടു പറയുന്നതിന്റെ താൽപര്യം, നമ്മുടെ യാത്ര അനായാസകരമല്ല, പെട്ടെന്ന് തിരിച്ചെത്തുന്നതുമല്ല, വളരെക്കാലം വീട്‌വിട്ടുകഴിയേണ്ടിവരും, ക്ലേശങ്ങൾ പലതും സഹിക്കേണ്ടിവരും, അതിനൊക്കെ തയാറുണ്ടെങ്കിൽ കൂടെവന്നാൽ മതി എന്ന അർഥത്തിലാണ്. مَجْمَعَ ٱلْبَحْرَيْنِ രണ്ടു സമുദ്രങ്ങൾ സംഗമിക്കുന്ന സ്ഥാനമാണ്. നദിയെ ഉദ്ദേശിച്ചും بحر ഉപയോഗിക്കും. അതിനാൽ ഉദ്ദേശ്യം നദീസംഗമവുമാകാം. ഇവിടെ പറഞ്ഞ സമുദ്രസംഗമം ഏതാണെന്ന കാര്യത്തിൽ പല അഭിപ്രായങ്ങളാണുള്ളത്. സുഡാനിൽ നീലനദിയും വെള്ള നൈലും കൂടിച്ചേരുന്ന സ്ഥാനം, ചെങ്കടലും ഇന്ത്യാസമുദ്രവും ചേരുന്ന സ്ഥാനം, ചെങ്കടലും അഖബാ ഉൾക്കടലും ചേരുന്ന സ്ഥാനം, അത്‌ലാന്റിക്കിന്റെയും മധ്യധരണ്യാഴിയുടെയും സംഗമം. ചാവുകടലിന്റെയും ജോർദാൻ നദിയുടെയും സംഗമം എന്നിങ്ങനെ മധ്യപൂർവ പ്രദേശത്തുള്ള ഏതാണ്ടെല്ലാ ജലസംഗമങ്ങളും പണ്ഡിതന്മാർ നിർദേശിച്ചിട്ടുണ്ട്. മധ്യധരണ്യാഴി-അത്‌ലാന്റിക് സംഗമത്തിലേക്കോ നൈലിന്റെ കൈവഴികളുടെ സംഗമത്തിലേക്കോ ആണ് പോയതെങ്കിൽ യാത്ര പടിഞ്ഞാറോട്ടായിരുന്നു. ചെങ്കടൽ-ഇന്ത്യാസമുദ്രസംഗമത്തിലേക്കാണെങ്കിൽ തെക്കോട്ടും ജോർദാൻ-ചാവുകടൽ സംഗമത്തിലേക്കാണെങ്കിൽ കിഴക്കോട്ടുമായിരുന്നു. എന്നായിരുന്നു ഈ യാത്ര എന്നതിലുമുണ്ട് ഭിന്നാഭിപ്രായം. ചിലർ പറയുന്നു മൂസാ നബിക്ക് പ്രവാചകത്വം ലഭിച്ച ആദ്യഘട്ടത്തിൽ പരിശീലനാർഥം നടത്തപ്പെട്ടതാണ് യാത്രയെന്ന്. ഈജിപ്തിൽനിന്നുള്ള പുറപ്പാടിനുശേഷം സീനായിൽനിന്നോ ഫലസ്തീൻ പ്രദേശത്തുനിന്നോ ആണീ യാത്ര തിരിച്ചതെന്നാണ് മറ്റൊരഭിപ്രായം. പ്രവാചകത്വത്തിന്റെ ആദ്യനാളുകളിലായിരുന്നു യാത്രയെന്ന വീക്ഷണമാണ് കൂടുതൽ പ്രബലവും യുക്തിസഹവും. പുറപ്പാടിനുശേഷമായിരുന്നു സംഭവമെങ്കിൽ അത് ഇസ്രാഈലികൾക്കിടയിൽ ഏറെ പ്രസിദ്ധമാകേണ്ടതായിരുന്നു.

حِقْبَة ന്റെ ബഹുവചനമാണ് حُقُب . ഇതിന് أَحْقَاب എന്നും ബഹുവചനമുണ്ട്. ദീർഘകാലം, യുഗം എന്നൊക്കെയാണർഥം. ഒരു حقبة 80 വർഷമാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. ■